**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ**
**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം**

വിഷയം:- ആ.വ.ഡ.- ജീവനക്കാര്യം- ഓഫീസ് അറ്റൻഡന്റ് - അന്തർജില്ലാ സ്ഥലംമാറ്റം- ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1. ജില്ലാ മെഡിക്കൽ ഓഫീസർമാരിൽ നിന്നും ലഭിച്ച സ്ഥലം മാറ്റ അപേക്ഷകൾ.

2. ജില്ലാ മെഡിക്കൽ ഓഫീസർമാർ റിപ്പോർട്ട് ചെയ്ത അന്തർജില്ലാ സ്ഥലം മാറ്റ ഒഴിവുകൾ.

**ഉത്തരവ് നം : ആ.വ.ഡ./3228/2023-ഇ.എഫ്.1 തീയതി : 15-07-2025**

പരാമർശം (1) പ്രകാരം ലഭിച്ച അപേക്ഷകൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പരാമർശം (2) പ്രകാരം ജില്ലാ മെഡിക്കൽ ഓഫീസർമാർ റിപ്പോർട്ട് ചെയ്ത ഒഴിവുകളിലേക്ക് ചുവടെ ചേർക്കുന്ന പട്ടിക പ്രകാരം ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ ജീവനക്കാർക്ക് അന്തർജില്ലാ സ്ഥലംമാറ്റം അനുവദിച്ചുത്തരവാകുന്നു.

| ക്രമ നം. | പേര് | നിലവിൽ ജോലി ചെയ്യുന്ന സ്ഥാപനവും ജില്ലയും | സ്ഥലം മാറ്റം അനുവദിക്കുന്ന ജില്ല |
|---|---|---|---|
| 1 | ഗീതു.എം.ജി, | എഫ്.എച്ച്.സി പെരുവന്താനം, ഇടുക്കി. | പത്തനംതിട്ട |
| 2 | സുനിൽ.സി.കെ, | മാനസികാരോഗ്യ കേന്ദ്രം, കുതിരവട്ടം, കോഴിക്കോട്. | എറണാകുളം |
| 3 | അറാഫത്ത് റഹ്മാൻ.പി, | എഫ്.എച്ച്.സി,മഞ്ചേശ്വരം, കാസർഗോഡ്. | മലപ്പുറം |
| 4 | രജനി.എ, | എഫ്.എച്ച്.സി കടലുണ്ടിനഗരം, മലപ്പുറം. | കോഴിക്കോട് |

സ്ഥലം മാറ്റം ലഭിച്ച ജീവനക്കാർക്കു ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർമാർ ഉചിതമായ നിയമനം നൽേകണ്ടതാണ്. സ്ഥലം മാറ്റം ലഭിച്ച ജില്ലയിൽ ജോലിയിൽ പ്രവേശിക്കുമ്പോൾ, ടി തസ്തികയിലെ സീനിയോറിറ്റി പ്രസ്തുത ജില്ലയിൽ ജോലിയിൽ പ്രവേശിച്ച തീയതി പ്രാബല്യത്തിൽ ആ തീയതിയിൽ ജില്ലയിൽ നിലവിലുള്ള ഏറ്റവും ജൂനിയറായ ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ ജീവനക്കാരനു പിന്നിലായിരിക്കും.

ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർമാരിൽ നിന്നും നിയമനഉത്തരവ് ലഭ്യമായതിനുശേഷം മാത്രം ജീവനക്കാരെ ഓഫീസ് മേധാവികൾ വിടുതൽ ചെയ്യേണ്ടതും വിടുതൽ തീയതി, ജോലിയിൽ പ്രവേശിച്ച തീയതി എന്നിവ യഥാസമയം ഈ ഓഫീസിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്ന ഈ ഉത്തരവിന്റെ പകർപ്പ് വിടുതൽ/പ്രവേശന നടപടികൾക്കു ഔദ്യോഗിക രേഖയായി ഉപയോഗിക്കാവുന്നതാണ്.

Signed by
M . Abul Kalam
Date: 15-07-2025 12:12:37

**Abul Kalam M**
**SENIOR ADMINSTRATIVE OFFICER**

സ്വീകർത്താവ്: ബന്ധപ്പെട്ട ജീവനക്കാർ

പകർപ്പ് : 1. ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർമാർ
2. ബന്ധപ്പെട്ട സ്ഥാപന മേധാവികൾ
3. ഫയൽ/കരുതൽ ഫയൽ